പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5291.

31.10.2016 - ൽ
മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകളിലെ ഡ്രൈവർ തസ്തിക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിലെ ഡ്രൈവർ തസ്തികയിൽ നിയമനം നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ യഥാമയം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നത് വിശദീകരിക്കുമോ ; | (ബി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. |
| (സി) കെ.എ.പി മൂന്നാം ബറ്റാലിയൻ വിഭാഗത്തിൽ ഡ്രൈവർ തസ്തികയുടെ ഒഴിവുകൾ നിരവധി ഉണ്ടായിട്ടും, പി.എസ്.സി. റാങ്ക് ലിസ്റ്റ് ഉണ്ടായിട്ടും നിയമനം നടക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ ;<br><br>(ഡി) പ്രസ്തുത വിഭാഗത്തിലുള്ള ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യിപ്പിച്ച് ഡ്രൈവർ തസ്തികയിൽ നിയമനം വേഗത്തിലാക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) | കെ.എ.പി 3-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സംബന്ധിച്ച് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. അരുൺ എം-ഉം മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ.നം.820/16 കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ഇക്കാര്യത്തിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Rajani.M

സെക്ഷൻ ഓഫീസർ